**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായിക മേഖലയുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാവസായിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ച് ഈ സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുന്ന തരത്തിൽ മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസസ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രമോഷ കൗൺസിലും കോൺഫെഡറേഷൻ ഓഫ ഓർഗാനിക് ഫുഡ് പ്രൊഡ്യൂസേഴ്സ് ആൻഡ മാർക്കറ്റിംഗ് ഏജൻസികള സംയുക്തമായാണ് 'കേരളനിക്ഷേപം, വളർച്ച വികസനം 2018-19 മുതൽ 2022-23 വരെ എന്ന വിഷയത്തിൽ പഠനം നടത്തിയത്. ഈ റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 91,575 കോടി രൂപയുടെ പുതിയ നിക്ഷേപ പദ്ധതികൾ ആകർഷിക്കുവാൻ കേരള സർക്കാരിന് സാധിക്കുകയുണ്ടായി. അതിൽ 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും, പ്രത്യക്ഷവും പരോക്ഷവുമായ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കാലയളവിൽ, മുടങ്ങിക്കിടന്നിരുന്ന 12240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാനും സാധിച്ചു.<br><br>2021-22 സാമ്പത്തികവർഷത്തിൽ കേരളം 17.3 ശതമാനം വ്യാവസായിക വളർച്ചാനിരക്ക് രേഖപ്പെടുത്തുകയുണ്ടായി. ഇതിൽ ഉൽപാദനമേഖലയുടെ നേട്ടം കൂടുതൽ ശ്രദ്ധേയമാണ്. ഉൽപാദനമേഖലയിൽ 18.9 ശതമാനം വളർച്ചാനിരക്ക് രേഖപ്പെടുത്തുകയുണ്ടായി. ഇത് ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. ഈ |

| | | | |
|---|---|---|---|
| | | | തരത്തിലുള്ള വളർച്ചമൂലം 2021-22-ൽ കേരളസംസ്ഥാനത്തിന് 12 ശതമാനത്തിലധികം സാമ്പത്തിക വളർച്ച നേടാനും സഹായിച്ചു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം ഇക്കാലയളവിൽ സംസ്ഥാനത്തേക്ക് ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഈ നേട്ടം ലക്ഷ്യമിട്ട് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | 2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 91,575 കോടി രൂപയുടെ പുതിയ നിക്ഷേപ പദ്ധതികൾ ആകർഷിക്കുവാൻ കേരളസർക്കാരിന് സാധിക്കുകയുണ്ടായി. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായവകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയുണ്ടായി.<br><br>K-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് വഴി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME സംരംഭങ്ങൾക്ക് 3 വർഷം വരെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുവാനുള്ള സംവിധാനംകൊണ്ടുവന്നു. https://www.kswift.kerala.gov.in പോർട്ടൽ വഴി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് സംരംഭം തുടങ്ങാം.<br><br>19 വകുപ്പുകളുടെ 77 ലൈസൻസുകൾ KSWIFT വഴി ഓൺലൈൻ ആയി അപേക്ഷിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനം സജ്ജമാക്കി. ഇത് മൂലം സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസുകളിൽ പോയി ലൈസൻസിനായി അപേക്ഷിക്കേണ്ട സ്ഥിതി ഒഴിവായി.<br><br>കൂടാതെ, വലിയ നിക്ഷേപങ്ങൾക്ക് ഏകജാലക ക്ലിയറൻസ് സംവിധാനം കൊണ്ടുവന്നു. 15 കോടി വരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് ജില്ലാകളക്ടർ അദ്ധ്യക്ഷനായ ഏകജാലക (Single Window Clearance) ലൈസൻസ് സംവിധാനവും, 15 കോടിക്ക് മുകളിൽ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് സംസ്ഥാനതല ഏകജാലക (State Level Single Window Clearance) ലൈസൻസ് സംവിധാനവും നിലവിൽവന്നു.<br><br>ഇവയെല്ലാം കൂടുതൽ സംരംഭങ്ങളും നിക്ഷേപവും തൊഴിൽ സാധ്യതകളും കേരളത്തിൽ എത്തിക്കുവാൻ സഹായകരമായി.<br><br>2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട |

ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച് കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിയായിരുന്നു സർക്കാർ നടപ്പാക്കിയത്.

സംരംഭകവർഷം, സംരംഭകവർഷം 2.0 എന്നീ പദ്ധതികളുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 23 വരെയുള്ള ദിവസത്തെ കാലയളവിൽ, സംസ്ഥാനത്ത് ആകെ 2,16,435 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിലൂടെ 13,599 കോടി രൂപയുടെ നിക്ഷേപവും 4,60,633 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

കൂടാതെ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇവരുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ചു. ഒരു തദ്ദേശ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇവർക്ക് ഭൗതിക ലക്ഷ്യവും നൽകിയിരുന്നു.

2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

4. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിരുന്നു.

| | | | |
|---|---|---|---|
| | | | 5. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.<br><br>6. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും, കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.<br><br>7. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.<br><br>8. വിദേശത്തുള്ള മലയാളികളെ സംരഭകത്വ ത്തിന്റെ വിവിധ മേഖലകളെ കുറിച്ച് ബോധവാന്മാർ ആക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അത് വഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി ശില്പശാല2023 ജനുവരി മാസത്തിൽ നടത്തി. |
| (സി) | വ്യാവസായിക മേഖലയിൽ സർക്കാർ നടപ്പാക്കിയ സംരംഭകവർഷം പദ്ധതി വരും വർഷങ്ങളിൽ സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയിലുണ്ടാക്കാവുന്ന പുരോഗതി സംബന്ധിച്ച് പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | എം.എസ്.എം.ഇ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലും കോൺഫെഡറേഷൻ ഓഫ് ഓർഗാനിക് ഫുഡ് പ്രൊഡ്യൂസേഴ്സ് ആൻഡ് മാർക്കറ്റിംഗ് ഏജൻസികളും സംയുക്തമായി 2018-19 മുതൽ 2022-23 വരെ 'കേരളനിക്ഷേപം, വളർച്ച, വികസനം' എന്നീ വിഷയങ്ങളിലാണ് പഠനം നടത്തിയത്. പ്രസ്തുത റിപ്പോർട്ടിൽ 2022-23 സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ കണക്കും അതുവഴി നിലവിൽ വന്ന നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവയുമാണ് പഠന വിധേയമാക്കിയിട്ടുള്ളത്. റിപ്പോർട്ട് പ്രകാരം സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം 1.34 ലക്ഷം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അത് വഴി 8110 കോടി രൂപയുടെ നിക്ഷേപവും 2.87 ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.<br><br>2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 91,575 കോടി രൂപയുടെ പുതിയ നിക്ഷേപ പദ്ധതികൾ ആകർഷിക്കുവാൻ കേരള സർക്കാരിന് സാധിച്ചു. അതിൽ 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും, പ്രത്യക്ഷവും പരോക്ഷവുമായ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കാലയളവിൽ, മുടങ്ങിക്കിടന്നിരുന്ന 12240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാനും സാധിച്ചു. |

സെക്ഷൻ ഓഫീസർ